# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2893** **17/10/2016-ൽ മറുപടിക്ക്**

## മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം

**ചോദ്യം**

**ശ്രീ.എം.വിൻസെന്റ്**
**,, തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**,, ഷാഫി പറമ്പിൽ**
**,, വി.എസ്.ശിവകുമാർ**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

**എ)** സംസ്ഥാനത്ത് വിൽക്കുന്ന മരുന്നുകളിൽ എത്ര ശതമാനം മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുവാനുള്ള സംവിധാനം നിലവിലുണ്ട്;

**എ)** വിപണിയിൽ ലഭ്യമായ ഏകദേശം 4 ശതമാനത്തോളം മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുവാനുള്ള സംവിധാനം നിലവിലുണ്ട്. കോഴിക്കോട്, കോന്നി, തൃശ്ശൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന മരുന്ന് പരിശോധനാ ലബോറട്ടറികൾ പ്രവർത്തന സജ്ജമാകുന്നതോടുകൂടി സംസ്ഥാന വിപണിയിൽ വിറ്റഴിക്കുന്ന മരുന്നുകളുടെ ഏകദേശം 10% സാമ്പിളുകളുടെ എങ്കിലും ഗുണനിലവാര പരിശോധന നടത്താമെന്ന് പ്രതീക്ഷിക്കുന്നു.

**ബി)** ഇൻസുലിന്റെ ഗുണനിലവാരം എപ്രകാരമാണ് ഉറപ്പാക്കുന്നതെന്ന് അറിയിക്കുമോ;

**ബി)** സങ്കീർണ്ണമായ നിർമ്മാണപ്രക്രിയയിലൂടെ ആണ് (റീകോംപിനന്റ് ഡി.എൻ.എ ടെക്നോളജി) ഇൻസുലിൻ വികസിപ്പിച്ചെടുക്കുന്നത്. നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളും ഗുണനിലവാരം ഉറപ്പാക്കുന്നതിലേയ്ക്കായുള്ള റഫറൻസ് സ്റ്റാൻഡേർഡും വളരെ താഴ്ന്ന ഊഷ്മാവായ മൈനസ് 40 ഡിഗ്രി സെൽഷ്യസിൽ സൂക്ഷിക്കേണ്ടതിനാൽ ഇതിനായി സജ്ജീകരിച്ചിട്ടുള്ള പ്രത്യേക ഡീപ് ഫ്രീസറും വൈദ്യുതി മുടങ്ങാതിരിക്കാൻ തക്കതായ ജനറേറ്ററും അനിവാര്യമാണ്. ഉല്പാദിപ്പിച്ച ഇൻസുലിൻ മരുന്നുകൾ 2 - 8° C-ൽ സൂക്ഷിക്കേണ്ടതാണ്. അതിനാൽ ഇത്തരം മരുന്നുകൾ, ഉല്പാദനം തുടങ്ങി രോഗികൾക്ക് എത്തിക്കുന്നതുവരെ Cold Storage Chain Maintain ചെയ്യേണ്ടതാണ്. രാജ്യത്ത് ഇൻസുലിൻ പരിശോധിക്കാനുള്ള സംവിധാനം നോയിഡയിലെ കേന്ദ്ര

➡

ഗവൺമെന്റ് സ്ഥാപനമായ National Institute of Biologicals-ൽ ഉണ്ട്. രാജ്യത്തെ മറ്റൊരു സംസ്ഥാനത്തിലും ഇവ ടെസ്റ്റ് ചെയ്യുന്നതിനായുള്ള സംവിധാനം ഇല്ല.

| | | | |
|---|---|---|---|
| **സി)** | മരുന്നുകൾ പരിശോധനക്ക് എടുത്ത വകയിൽ മെഡിക്കൽ സ്റ്റോറുകൾക്കും സ്ഥാപനങ്ങൾക്കും നൽകുവാനുള്ള കുടിശ്ശിക എത്രയാണ്? | **സി)** | മരുന്നുകൾ പരിശോധനക്ക് എടുത്ത വകയിൽ മെഡിക്കൽ സ്റ്റോറുകൾക്കും സ്ഥാപനങ്ങൾക്കും നൽകുവാനുള്ള കുടിശ്ശിക ഏകദേശം ആറര ലക്ഷം രൂപയാണ്. |

Beena

**സെക്ഷൻ ഓഫീസർ**